# കേരള സർവകലാശാല

നം. പി.ആർ.005/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പെൻഷൻ: രേഖകൾ സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2015-16 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ 2016 ഫെബ്രുവരി 15-നകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായതികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. സ്റ്റേറ്റ്മെന്റിന്റെ മാതൃകയും വിവരങ്ങളും വെബ്സൈറ്റിൽ (www.kufinance.info) ലഭിക്കും. പെൻഷൻ നമ്പരും ജനന തീയതിയും ഉപയോഗിച്ച് പെൻഷൻ സ്പോട്ട് സൈറ്റിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ ശേഖരിക്കാം.

### ബി.ടെക് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - റഗുലർ & സപ്ലിമെന്ററി - 2008 സ്കീം - സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, എൻജിനീയറിംഗ് ബ്രാഞ്ചുകൾ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 10 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഫെബ്രുവരി 19 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### ബി.എസ്സി കെമിസ്ട്രി പ്രാക്ടിക്കൽ

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 16, 17 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ ബി.കോം ആന്വൽ സ്കീം (പാർട്ട് മൂന്ന്) പരീക്ഷയുടെ ഇ.ഡി.പി.സി.എ പ്രാക്ടിക്കൽ ഫെബ്രുവരി 11 രാവിലെ 10 മണിമുതൽ പാളയം എസ്.ഡി.ഇയിൽ നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഹാജരാകണം.

## ബി.കോം പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന അവസാന വർഷ ബി.കോം (പ്രൈവറ്റ്/എസ്.ഡി.ഇ/എൽ.എസ്.സി) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 26 (50 രൂപ പിഴയോടെ ഫെബ്രുവരി 29, 250 രൂപ പിഴയോടെ മാർച്ച് രണ്ട്) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ എക്സാം പോർട്ടലിൽ (www.exams.keralauniversity.ac.in) നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## ബി.എ/ബി.എ അഫ്സൽ ഉൽ ഉലമ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന അവസാന വർഷ ബി.എ/ബി.എ അഫ്സൽ ഉൽ-ഉലമ (പ്രൈവറ്റ്/എസ്.ഡി.ഇ/എൽ.എസ്സി - റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 26 (50 രൂപ പിഴയോടെ ഫെബ്രുവരി 29, 250 രൂപ പിഴയോടെ മാർച്ച് രണ്ട്) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ എക്സാം പോർട്ടലിൽ (www.exams.keralauniversity.ac.in) നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജിലെ പ്രിൻസിപ്പൽമാർക്ക്, എല്ലാ എഫ്.ഡി.പി ഗവേഷകരുടെയും പൂർണ്ണ പട്ടിക യു.ജി.സി നിർദ്ദേശിച്ചപ്രകാരം ഫെബ്രുവരി 15-നകം തയ്യാറാക്കി നൽകണം. പുറമെ ഗവേഷകർ അവരുടെ ഗവേഷണ പ്രബന്ധത്തിന്റെ (പി.എച്ച്.ഡി./എം.ഫിൽ) സോഫ്റ്റ് കോപ്പി അഹമ്മദാബാദിലുള്ള INFLIBNET -ലേക്ക് നൽകണമെന്നും പ്രിൻസിപ്പൽമാർ ഗവേഷകരെ അറിയിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

(ഒപ്പ്)

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
05.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ